**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3319** **11-03-2025 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര ഐ.ടി.ഐ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര ഐ.ടി.ഐ. (മുതുകാട്) യുടെ കെട്ടിട നിർമ്മാണം ഏതു ഘട്ടത്തിലാണ് വ്യക്തമാക്കാമോ; | (എ) | പേരാമ്പ്ര ഐ.ടി.ഐയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 2024 ജനുവരി 4-ന് ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ 28% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നിലവിൽ പണിതുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ പണിതുകൊണ്ടിരിക്കുന്ന പേരാമ്പ്ര ഐ.ടി.ഐയുടെ പുതിയ കെട്ടിടത്തിലെ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:<br>1. Basement Floor:<br>Office, Principal Room,<br>Office Staff Toilets,<br>Library, Computer Lab,<br>Store,<br>First Aid Room (Dispensary).<br>2. First Floor :<br>MMV Trade Workshop,<br>MAM Trade Workshop,<br>Electrical Room,<br>Common Staff Room and Toilets. |
| (സി) | ഇതിന്റെ പുതിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ എന്നും ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കാമോ; | (സി) | പേരാമ്പ്ര ഐ.ടി.ഐയുടെ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനായി 5.95 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് വ്യാവസായിക പരിശീലന വകുപ്പിന്റെ ജില്ലാ സിവിൽ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ഐ. ടി .ഐ.- യിൽ എത്ര കോഴ്സുകളുണ്ടെന്നും അധ്യാപകരും മറ്റ് ജീവനക്കാരും ഉൾപ്പെടെ എത്ര പേരുണ്ടെന്നും വ്യക്തമാക്കാമോ; | (ഡി) | പേരാമ്പ്ര ഐ.ടി.ഐ-യിൽ 4 NCVT ട്രേഡുകളുടെ 8 യൂണിറ്റുകൾ നിലവിലുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ അധ്യാപകരും മറ്റ് ജീവനക്കാരും ഉൾപ്പെടെ നിലവിൽ ആകെ 22 പേരാണുള്ളത്. പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ട്രേഡുകളുടെയും, അധ്യാപകരുടെയും, |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | നിലവിൽ അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും എത്ര ഒഴിവുകളുണ്ടെന്നും ഈ ഒഴിവുകൾ നികത്താൻ എന്തു നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ? | (ഇ) | 1) ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിലെ 2 ഇൻസ്ട്രക്ടർ തസ്തികകളിൽ ഒരെണ്ണം ഒഴിവുണ്ട്. ആയതിനാൽ പ്രസ്തുത ട്രേഡിലേയ്ക്ക് ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല.<br><br>2)മെക്കാനിക് മോട്ടോർ വെഹിക്കിൾ ട്രേഡിലെ 2 ഇൻസ്ട്രക്ടർ തസ്തികകൾ ഒഴിവുണ്ട്. ആയതിനാൽ ടി ട്രേഡിലേയ്ക്ക് 2 ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകുകയും, പി.എസ്.സി യിൽ നിന്നും NAC ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>3)മെക്കാനിക് അഗ്രിക്കൾച്ചറൽ മെഷിനറി ട്രേഡിലെ 2 ഇൻസ്ട്രക്ടർ തസ്തികകളിൽ ഒരെണ്ണം ഒഴിവുണ്ട്. ആയതിനാൽ ടി ട്രേഡിലേയ്ക്ക് ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല.<br><br>4) സ്ഥാപനത്തിലെ ജൂനിയർ സൂപ്രണ്ടിന് തിരുവനന്തപുരം ചാക്ക ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റം ലഭ്യമായതിനാൽ ടി തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പേരാമ്പ്ര ഐ.ടി.ഐ-യിൽ നിലവിലുള്ള ട്രേഡുകളുടെ വിശദാംശങ്ങൾ

| ക്രമ നം. | ട്രേഡ് | യൂണിറ്റ് | കാലാവധി |
|---|---|---|---|
| 1) | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 2 | 1 വർഷം |
| 2) | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 2 | 2 വർഷം |
| 3) | മെക്കാനിക് അഗ്രികൾചറൽ മെഷിനറി | 2 | 2 വർഷം |
| 4) | മെക്കാനിക് മോട്ടോർ വെഹിക്കിൾ | 2 | 2 വർഷം |

## പേരാമ്പ്ര ഐ.ടി.ഐ-യിൽ നിലവിലുള്ള അധ്യാപകരുടെയും, ജീവനക്കാരുടെയും വിശദാംശങ്ങൾ

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1) | പ്രിൻസിപ്പൽ | 1 |
| 2) | ഗ്രൂപ്പ് ഇൻസ്ട്രക്ടർ | 1 |
| 3) | ജൂനിയർ സൂപ്രണ്ട് | 1 |
| 4) | സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ | 9 |
| 5) | ക്ലർക്ക്/സീനിയർ ക്ലർക്ക് | 3 |
| 6) | ഡ്രൈവർ | 1 |
| 7) | ടൈപ്പിസ്റ്റ് | 1 |
| 8) | സ്റ്റോർകീപ്പർ | 1 |
| 9) | ഓഫീസ് അറ്റൻഡന്റ് | 1 |
| 10 | സുരക്ഷാ ജീവനക്കാർ | 2 (കെക്സോൺ മുഖേന) |
| 11) | ശുചീകരണ തൊഴിലാളി | 1 (കുടുംബശ്രീ മുഖേന) |
| | **ആകെ** | **22** |